2025
NOVEMBER
20
THURSDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ
SOCIETY TODAY
e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

## രണ്ട് ലക്ഷത്തിലധികം രൂപ വിലയുള്ള
# വ്യാജമരുന്നുകൾ പിടിച്ചെടുത്തു

**തിരുവനന്തപുരം:** സംസ്ഥാനത്ത് ഒരേ സമയം തിരുവനന്തപുരം, തൃശൂർ, കോഴിക്കോട് ജില്ലകളിൽ ഡ്രഗ്സ് ഇന്റലിജൻസ് വിഭാഗത്തിന്റെ നേതൃത്വത്തിൽ നടത്തിയ പരിശോധനകളിൽ രണ്ട് ലക്ഷത്തിലധികം രൂപ വിലയുള്ള വ്യാജമരുന്നുകൾ പിടിച്ചെടുത്തു. ഡ്രഗ്സ് കൺട്രോളറുടെ ഏകോപനത്തിൽ നടത്തി വന്നിരുന്ന പരിശോധനയിലാണ് ആസ്തമ രോഗികൾ വ്യാപകമായി ഉപയോഗിച്ച് വരുന്ന ഇൻഹേലറിന്റെ വ്യാജ മരുന്നുകൾ കണ്ടെത്തിയത്. അന്വേഷണം മറ്റ് സംസ്ഥാനങ്ങളിലേക്കും വ്യാപിപ്പിക്കുമെന്ന് സംസ്ഥാന ഡ്രഗ്സ് കൺട്രോളർ അറിയിച്ചു.

വ്യാജമരുന്ന് ശൃംഖലയിൽ മരുന്നുകൾ വാങ്ങി വിൽപനയ്ക്കായി സ്റ്റോക്ക് ചെയ്തിരുന്നത് കണ്ടെത്തിയതിനെ തുടർന്ന് തിരുവനന്തപുരം, തൃശൂർ എന്നിവടങ്ങളിൽ പ്രവർത്തിക്കുന്ന രണ്ട് സ്ഥാപനങ്ങൾക്കെതിരെ ഡ്രഗ്സ് കൺട്രോൾ വിഭാഗം നിയമനടപടികൾ സ്വീകരിച്ചു. ഈ സ്ഥാപനങ്ങൾക്കെതിരെ കേസ് എടുത്തിട്ടുണ്ട്. കുടാതെ ഇവരുടെ ഡ്രഗ്സ് ലൈസൻസുകൾ റദ്ദ് ചെയ്യുന്നത് ഉൾപ്പെടെയുള്ള കർശന നടപടികൾ സ്വീകരിക്കുന്നതാണെന്നും ഡ്രഗ്സ് കൺട്രോളർ അറിയിച്ചു. വ്യാജമരുന്ന് ശൃംഖല സംബന്ധിച്ച തുടരന്വേഷണം ഊർജിതമായി നടത്തി അനിവാര്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

സംസ്ഥാനത്തിന് പുറത്തുനിന്നും മരുന്ന് വാങ്ങുന്ന വ്യാപാരികൾ, നിർമ്മാതാവിൽ നിന്നും വ്യാപാരികളുടെ പക്കലേക്ക് എത്തുന്നത് വരെ വിതരണ ശൃംഖലയിൽ നിന്നുമുള്ള എല്ലാ ബില്ലുകളും സൂക്ഷിക്കേണ്ടതും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

പരിശോധനയിൽ, മതിയായ രേഖകൾ ഇല്ലാതെ നിയമവിരുദ്ധമായി മരുന്നുകൾ സൂക്ഷിക്കുന്നത് കണ്ടെത്തുന്ന പക്ഷം ഈ സ്ഥാപനങ്ങളുടെ ഡ്രഗ് ലൈസൻസുകൾ റദ്ദാക്കുന്നതാണെന്നും സംസ്ഥാന ഡ്രഗ്സ് കൺട്രോളർ അറിയിച്ചു.

# യുഎസിലേക്കുള്ള കയറ്റുമതിയിൽ വർധന



**ന്യൂഡൽഹി:** ഇരട്ടിത്തീരുവ തുടരുന്നെങ്കിലും സെപ്റ്റംബറിനെ അപേക്ഷിച്ച് ഒക്ടോബറിൽ യുഎസിലേക്കുള്ള ഇന്ത്യൻ കയറ്റുമതിയിൽ വർധന. സെപ്റ്റംബറിൽ 546 കോടി ഡോളറിന്റെ ചരക്കാണ് കയറ്റിയയച്ചതെങ്കിൽ ഒക്ടോബറിൽ ഇത് 630 കോടി ഡോളറായി ഉയർന്നു. ഏകദേശം 15 ശതമാനത്തിന്റെ വർധന.

സെപ്റ്റംബറിനെ അപേക്ഷിച്ച് വർധനയുണ്ടെങ്കിലും കഴിഞ്ഞ വർഷം ഒക്ടോബറുമായി താരതമ്യം ചെയ്യുമ്പോൾ കയറ്റുമതിയിൽ 8.6 ശതമാനത്തിന്റെ ഇടിവാണുണ്ടായത്. സ്മാർട്ഫോണുകൾ, ഫാർമ ഉൽപന്നങ്ങൾ എന്നിവയുടെ കയറ്റുമതിയിലെ കുതിപ്പാകാം ഒക്ടോബറിലെ മെച്ചപ്പെട്ട കണക്കിൽ പ്രതിഫലിച്ചതെന്നാണ് സൂചന.

അധിക തീരുവ ബാധകമാകാതിരുന്ന ജൂലൈയിൽ 801 കോടി ഡോളറിന്റെ കയറ്റുമതിയാണ് ഇന്ത്യ നടത്തിയത്. അതിനു ശേഷം ഓഗസ്റ്റ് മുതൽ കനത്ത ഇടിവാണ് നേരിട്ടത്. ഈ വർഷത്തെ ഏറ്റവും കുറഞ്ഞതോതിലുള്ള കയറ്റുമതിയായിരുന്നു സെപ്റ്റംബറിലേത്.

ഓഗസ്റ്റ് ഏഴിനു ചുമത്തിയ 25% പകരം തീരുവയാണ് യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ് ഓഗസ്റ്റ് 27ന് ഇരട്ടിയാക്കിയത്. ഇരട്ടിത്തീരുവ ഭാഗികമായി ചുമത്തപ്പെട്ട ഓഗസ്റ്റിൽ 686 കോടി ഡോളറായിരുന്നു യുഎസിലേക്കുള്ള ചരക്കുകയറ്റുമതി.

ഈ വർഷം ഓഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ ഒഴികെയുള്ള മാസങ്ങളിൽ 790 കോടി ഡോളറിൽ കുറയാത്ത കയറ്റുമതി യുഎസിലേക്കു നടന്നിരുന്നു. ഇന്ത്യ-യുഎസ് വ്യാപാരക്കരാറിന്റെ ആദ്യഘട്ടം യാഥാർഥ്യത്തിലേക്ക് അടുക്കുന്നുവെന്ന് കേന്ദ്ര വാണിജ്യകാര്യ മന്ത്രാലയ വൃത്തങ്ങൾ അറിയിച്ചു.

# റിസർവ് ബാങ്ക് വീണ്ടും മുഖ്യ പലിശ നിരക്ക് കുറച്ചേക്കും

**കൊച്ചി:** ഒക്ടോബറിൽ ചില്ലറ വില സൂചിക അടിസ്ഥാനമായുള്ള നാണയപ്പെരുപ്പം കുത്തനെ താഴ്ന്നതോടെ റിസർവ് ബാങ്ക് വീണ്ടും മുഖ്യ പലിശ നിരക്ക് കുറയ്ക്കാൻ സാധ്യതയേറുന്നു. ഡിസംബർ ആദ്യവാരം നടക്കുന്ന റിസർവ് ബാങ്കിന്റെ ധനനയ രൂപീകരണ യോഗത്തിൽ മുഖ്യ പലിശയായ റിപ്പോ കാൽ ശതമാനം കുറച്ച് 6.25 ശതമാനമാക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.



ഒക്ടോബറിൽ ഭക്ഷ്യ ഉത്പന്നങ്ങളുടെ വില സൂചിക റെക്കോഡ് താഴ്ചയായ 0.25 ശതമാനത്തിലെത്തിയിരുന്നു. റിസർവ് ബാങ്ക് ലക്ഷ്യമിടുന്ന നാല് ശതമാനത്തിലും താഴെയാണ് കഴിഞ്ഞ ആറ് മാസമായി താണയപ്പെരുപ്പം നിലനിൽക്കുന്നത്. കഴിഞ്ഞ വർഷം ഒക്ടോബറിൽ നാണയപ്പെടുപ്പം 6.2 ശതമാനമായിരുന്നു.

ആഗോള സാമ്പത്തിക മേഖലയിലെ അനിശ്ചിതത്വങ്ങളും കാർഷിക മേഖലയിലെ പ്രതിസന്ധികളും ഒഴിഞ്ഞതോടെ വിപണിയിൽ വില സമ്മർദം ഗണ്യമായി കുറഞ്ഞു. നടപ്പു സാമ്പത്തിക വർഷം രണ്ടാം ത്രൈമാസക്കാലയളവിലെ ആഭ്യന്തര മൊത്തം ഉത്പാദനത്തിലെ (ജിഡിപി) വളർച്ചാ കണക്കുകൾ കൂടി പരിഗണിച്ചാകും പലിശ കുറയ്ക്കാനുള്ള തീരുമാനമുണ്ടാകുക. അമേരിക്കയും ഇന്ത്യയുമായുള്ള സ്വതന്ത്ര വ്യാപാര കരാർ യാഥാർഥ്യമായാൽ പലിശ ഇളവിന്റെ തോത് അര ശതമാനത്തിലേക്ക് ഉയരാൻ സാധ്യതയുണ്ടെന്ന് വിദഗ്ധർ ചൂണ്ടിക്കാട്ടുന്നു.

ജൂലൈ മുതൽ സെപ്റ്റംബർ വരെയുള്ള മൂന്ന് മാസത്തിൽ ഇന്ത്യയുടെ ജിഡിപി വളർച്ച 6.4 ശതമാനമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. കേന്ദ്രസർക്കാർ ചരക്ക് സേവന നികുതിയിൽ പ്രഖ്യാപിച്ച ഇളവുകളും ഗ്രാമീണ, കാർഷിക മേഖലയിലെ ഉണർവും സാമ്പത്തിക വളർച്ചയ്ക്ക് ഊർജം പകർന്നേക്കും.

എന്നാൽ സാമ്പത്തിക മേഖലയിലെ ഉണർവ് ശക്തമാണെങ്കിൽ പലിശ കുറയ്ക്കാനുള്ള തീരുമാനം റിസർവ് ബാങ്ക് അടുത്ത വർഷത്തേക്ക് മാറ്റിയേക്കുമെന്ന് ധനകാര്യ അനലിസ്റ്റുകൾ പറയുന്നു.

ഭക്ഷ്യ ഉത്പന്നങ്ങളുടെ വില സെപ്റ്റംബർ, ഒക്ടോബർ മാസത്തിൽ കുത്തനെ കുറഞ്ഞതിനാൽ ഉപയോക്താക്കളുടെ വാങ്ങൽ ശേഷി ഉയരുകയാണെന്നും അവർ പറയുന്നു.

ഇത്തവണത്തെ ഉത്സവ കാലയളവിൽ ജിഎസ്ടി വരുമാനത്തിലും യുപിഐ ഇടപാടുകളിലും ദൃശ്യമായ കുതിപ്പ് സാമ്പത്തിക മേഖല അതിശക്തമായ നിലയിലാണെന്നാണ്. രണ്ടാം ത്രൈമാസത്തിൽ രാജ്യത്തെ കമ്പനികളിൽ 60 ശതമാനവും ലാഭത്തിലും വിറ്റുവരവിലും മികച്ച വളർച്ച നേടിയിരുന്നു. അതിനാൽ തിരക്കിട്ട് പലിശ കുറയ്ക്കേണ്ട സാഹചര്യമില്ലെന്നും അവർ പറയുന്നു.






# മൂല്യങ്ങളിൽ ഊന്നിയുള്ള ആധുനിക വിദ്യാഭ്യാസം ലക്ഷ്യമിടണം: ഗവർണർ

**തിരുവനന്തപുരം:** പരമ്പരാഗതമായ അറിവുകളിലും മൂല്യങ്ങളിലും ഊന്നിക്കൊണ്ടുള്ള ആധുനിക വിദ്യാഭ്യാസമാണ് കേരളം ലക്ഷ്യമാക്കേണ്ടതെന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ. കഴക്കൂട്ടം മരിയൻ എൻജിനീയറിംഗ് കോളജിന്റെ രജത ജൂബിലി ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു ഗവർണർ.

ലക്ഷ്യബോധവും സാമൂഹ്യ പ്രതിബദ്ധതയുമുള്ള പൗരൻമാരെ സൃഷ്ടിക്കാൻ കുട്ടികളുടെ സ്വഭാവ രൂപീകരണം, ദേശീയ ബോധം എന്നിവയ്ക്കും ഉന്നതവിദ്യാഭ്യാസം പ്രാധാന്യം നല്കണം. വികസിതഭാരതം എന്ന ലക്ഷ്യത്തിലേക്കു മുന്നേറുന്ന രാജ്യത്തിനു പിന്തുണ നൽകേണ്ടത് വിദ്യാർഥി സമൂഹമാണെന്നും തൊഴിൽദാതാക്കളെ സൃഷ്ടിക്കുവാൻ ഉതകുന്നതാവണം മരിയൻ പോലുള്ള ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വിദ്യാഭ്യാസപദ്ധതികളെന്നും അദ്ദേഹം പറഞ്ഞു.

കഴക്കൂട്ടം മരിയൻ എഡ്യൂസിറ്റി കാമ്പസിൽ നടന്ന ചടങ്ങിൽ മരിയൻ എൻജീനിയറിംഗ് കോളജിന്റെ സ്ഥാപക രക്ഷാധികാരിയായ ആർച്ച്ബിഷപ് എമെരിറ്റസ് ഡോ. എം. സൂസപാക്യം, തിരുവനന്തപുരം ലത്തീൻ അതിരൂപതാ ആർച്ച്ബിഷപ് ഡോ. തോമസ് ജെ. നെറ്റോ, സഹായമെത്രാൻ ഡോ. ആർ. ക്രിസ്തുദാസ്, മാനേജർ റവ. ഡോ. എ.ആർ. ജോൺ, പ്രിൻസിപ്പൽ ഡോ. അബ്ദുൾ നിസാർ, ടാറ്റ എലിക്സിയുടെ സെൻറർ ഹെഡും ജിടെക് സെക്രട്ടറിയുമായ വി. കുമാർ എന്നിവരും പങ്കെടുത്തു.




# കൊച്ചി കാണാൻ വീണ്ടും ആഡംബര കപ്പലുകൾ

**കൊച്ചി:** നീണ്ട ഇടവേളയ്ക്കുശേഷം കൊച്ചി തീരത്ത് വീണ്ടും ആഡംബര കപ്പലെത്തി. വിവിധ രാജ്യങ്ങളിൽ നിന്നുള്ള 709 വിനോദസഞ്ചാരികളുമായി എംവി വേൾഡ് ഒഡീസി കപ്പലാണ് കൊച്ചിയിലെത്തിയത്.

ദ്വീപ് രാഷ്ട്രമായ ബഹാമസിൽ നിന്നുള്ള ആഡംബര കപ്പലാണിത്. പോർട്ട് ലൂയിസിൽ നിന്നാണ് യാത്രക്കാരുമായി കൊച്ചിയിലേക്കെത്തിയത്. 176 ജീവനക്കാരും കപ്പലിലുണ്ട്. കപ്പലിലെ സഞ്ചാരികളെ കൊച്ചിൻ പോർട്ട് അധികൃതർ സ്വീകരിച്ചു. സഞ്ചാരികൾ കേരളത്തിലെ വിവിധ വിനോദസഞ്ചാര കേന്ദ്രങ്ങൾ സന്ദർശിക്കും. 23ന് വിയറ്റ്നാമിലേക്കാണ് എംവി വേൾഡ് ഒഡീസി യാത്ര തുടരുക.

കൊളംബോയിൽനിന്ന് സെലിബ്രിറ്റി മില്ലേനിയം ആഡംബര കപ്പൽ 21ന് കൊച്ചിയിലെത്തും. 2034 യാത്രക്കാരുമായെത്തുന്ന കപ്പൽ പിറ്റേന്നു

## ആന്റി ബയോട്ടിക് റെസിസ്റ്റൻസ് ജില്ലാ തല ബോധവത്കരണ വാരാചരണത്തിന് ജില്ലയിൽ തുടക്കം കുറിച്ചു

**കൊച്ചി:** എറണാകുളം ജില്ലയിൽ നവംബർ 24 വരെ നടക്കുന്ന ആന്റി മൈക്രോബിയൽ റെസിസ്റ്റന്റ് ബോധവൽത്കരണ വാരാചരണത്തിന് എറണാകുളം ജില്ലാ മെഡിക്കൽ ഓഫീസിന്റെ നേതൃത്വത്തിൽ തുടക്കം കുറിച്ചു. ഡെപ്യൂട്ടി ജില്ലാ മെഡിക്കൽ ഓഫീസർ ഡോക്ടർ ആരതി കൃഷ്ണൻ ഉദ്ഘാടനം ചെയ്തു. ബോധവക്കരണത്തിന്റെ ഭാഗമായി പൊതുജനങ്ങളെ ആന്റിബയോട്ടിക് പ്രതിരോധത്തെ കുറിച്ച് ബോധവൽക്കരിക്കുന്നതിനായി ജില്ലാ എ എം ആർ വിഭാഗം തയ്യാറാക്കിയ 10 ചോദ്യങ്ങൾ അടങ്ങിയ ക്യു ആർ കോഡ് പ്രകാശനം ചെയ്തു. പൊതുജനങ്ങൾക്ക് സ്വയം ക്യു ആർ കോഡ് സ്കാൻ ചെയ്ത് അതിൽ ഉള്ള ചോദ്യങ്ങൾക്ക് ഉത്തരം നൽകി സ്വയം ആന്റിബയോട്ടിക്കുകളെ കുറിച്ചുള്ള അവബോധം അളക്കാം. കൂടാതെ ജില്ലയിലെ എല്ലാ ഫാർമസിസ്റ്റുകൾക്കും എ എം ആർ ബോധവൽക്കരണം നടത്തി പ്രസ്തുത പരുപാടിയിൽ ജില്ലാ മെഡിക്കൽ ഓഫീസിലെ പി എസ് കെ ഷീബ ജസ്റ്റിൻ അധ്യക്ഷത വഹിച്ചു. അതോടൊപ്പം സ്റ്റോർ മാനേജ്മെന്റ് നെ കുറിച്ചു ജില്ലാ സ്റ്റോർ വെരിഫിക്കേഷൻ ഓഫീസർ സിന്ധു വിജയനാഥ് ഫാർമസിസ്റ്റുകൾക്ക് ക്ലാസ്സ് എടുത്തു. പരുപാടിയിൽ ജില്ലാ എ എം ആർ ടീമിലെ ഫാർമസിസ്റ്റ് സുഭാഷ് എൻ എസ് ജില്ലയിലെ ഫാർമസിസ്റ്റുകൾക്ക് പ്രെസ്ക്രിപ്ഷൻ ഓഡിറ്റ്, അവയർ ഓഡിറ്റ് എന്നിവകളെ കുറിച്ച് ക്ലാസുകൾ എടുത്തു. ടീമിലെ ഫാർമസിസ്റ്റ് ശ്രീമതി അനിഷ്ക ഫാർമസിസ്റ്റുകൾക്ക് എ എം ആർ ബോധവകരണ സത്യപതിഞ്ഞ ചൊല്ലിക്കൊടുത്തു. ജില്ലാ നഴ്സിംഗ് ഓഫീസർ പ്രീതി പി പി ഇൻഫെക്ഷൻ പ്രിവെൻഷൻ കൺട്രോളിന്റെ ക്ലാസ്സ് എടുത്തു. സ്റ്റോക്ക് സോഫ്റ്റ്വെയർ നെ കുറിച്ച് ഫാർമസിസ്റ്റ് സുജീഷ് വിശദമായി ക്ലാസ്സ് എടുത്തു.

## വനിതാരത്ന പുരസ്കാരത്തിന് നിർദ്ദേശിക്കാം

**കൊച്ചി:** വിവിധ മേഖലകളിൽ സ്തുത്യർഹമായ നേട്ടങ്ങൾ കൈവരിച്ച വനിതകളെ ആദരിക്കുന്നതിന് സംസ്ഥാന സർക്കാർ നൽകിവരുന്ന വനിതാരത്ന പുരസ്കാരത്തിന് നിർദ്ദേശിക്കാം. സാമൂഹ്യ സേവനം, കായികരംഗം, കലാരംഗം, സ്ത്രീകളുടെയും കുട്ടികളുടെയും ശാക്തീകരണം, വിദ്യാഭ്യാസ ശാസ്ത്ര സാങ്കേതിക വിഭാഗം, തുടങ്ങിയ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ചവർ

പ്രതികൂല സാഹചര്യങ്ങളെ അതിജീവിച്ച് ജീവിത വിജയം നേടിയവർ എന്നിവരെയാണ് അവാർഡിനായി പരിഗണിക്കുന്നത്.

അർഹരായ വ്യക്തികളെ സ്ഥാപനങ്ങൾ, സംഘടനകൾ മറ്റു വ്യക്തികൾ എന്നിവരാണ് നോമിനേറ്റ് ചെയ്യേണ്ടതാണ്. നോമിനേഷൻ ഡിസംബർ 15 നകം എറണാകുളംജില്ലാ വനിത ശിശു വികസന ഓഫീസർക്ക് സമർപ്പിക്കണം. വിശദവിവരങ്ങൾ www.wcd.kerala.gov.in വെബ്സൈറ്റിൽലും ജില്ലാ വനിതാ ശിശു വികസന ഓഫീസിൽ നിന്നും ലഭിക്കും. ഫോൺ :0484 2952949.

## സഹചാരി പദ്ധതിയിലേക്ക് അപേക്ഷ ക്ഷണിച്ചു

**തൃശൂർ:** ഭിന്നശേഷിക്കാരായ കുട്ടികളെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠനത്തിലും മറ്റ് കാര്യ നിർവ്വഹണങ്ങളിലും പിന്തുണയും പ്രോത്സാഹനവും നൽകുന്ന എൻ.എസ്.എസ്/ എൻ.സി.സി/ എസ്.പി.സി യൂണിറ്റിനെ ആദരിക്കുന്ന സഹചാരി പദ്ധതിയിലേക്ക് അപേക്ഷ ക്ഷണിച്ചു.

ഗവൺമെന്റ് / എയ്ഡഡ് / പ്രൊഫഷണൽ കോളേജുകൾ ഉൾപ്പടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഭിന്നശേഷിക്കാരായ കുട്ടികളെ പഠനത്തിലും മറ്റ് പ്രവർത്തനങ്ങളിലും സഹായിക്കുന്നതും വിദ്യാഭ്യാസ സ്ഥാപനത്തിനു പുറത്തും ഭിന്നശേഷിക്കാർക്കായി നടപ്പിലാക്കുന്ന മെഡിക്കൽ ക്യാമ്പ് പോലുള്ള വിവിധ പരിപാടികളിലും സഹായം നൽകുന്ന ജില്ലയിലെ മികച്ച മൂന്ന് എൻഎസ്/ എൻസിസി/ എസ്.പി.സി യൂണിറ്റുകൾക്കാണ് അവാർഡ് ഏർപ്പെടുത്തിയിരിക്കുന്നത്. കഴിഞ്ഞ വർഷത്തെ പ്രവർത്തനങ്ങളാണ് അവാർഡിനായി പരിഗണിക്കുന്നത്. അതത് യൂണിറ്റ് തയ്യാറാക്കുന്ന റിപ്പോർട്ട് സ്ഥാപനമേധാവിയുടെ ശുപാർശയും ഫോട്ടോയും സഹിതം ജില്ലാ സാമൂഹ്യനീതി ഓഫിസർക്ക് നവംബർ 22 നുള്ളിൽ സമർപ്പിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്കായി 04872321702 എന്ന നമ്പറിൽ വിളിക്കുക.

## ഡിജിറ്റൽ പോസ്റ്റർ രചനാ മത്സരം

**തൃശൂർ:** ജില്ലാ ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ ഡിജിറ്റൽ പോസ്റ്റർ രചനാ മത്സരം സംഘടിപ്പിക്കുന്നു. ഏകാരോഗ്യം: മനുഷ്യർ, പ്രകൃതി, ജീവജാലങ്ങൾ ഇവയുടെ ആരോഗ്യം പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു എന്ന വിഷയത്തിലാണ് പോസ്റ്റർ രചന മത്സരം സംഘടിപ്പിക്കുന്നത്. വിജയികൾക്ക് കാഷ് അവാർഡും സർട്ടിഫിക്കറ്റും നൽകും. മത്സരാർത്ഥികൾ തൃശ്ശൂർ ജില്ലയിൽ നിന്നുള്ളവരായിരിക്കണം. ജെ.പി.ഇ.ജി ഫോർമാറ്റിലുള്ള മൂന്ന് പോസ്റ്ററുകൾ ഒരാൾക്ക് അയക്കാം. നവംബർ 29ന് മുൻപായി iecreportthrissur@gmail.com എന്ന മെയിൽ ഐഡിയിൽ അയയ്ക്കണം. കൂടുതൽ വിവരങ്ങൾക്ക് 9567772462, 8078181002 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

# വീട്ടുമുറ്റത്ത് തുടങ്ങാം ഒരു ഹൈടെക് ഫാം

പലതരം മുട്ടക്കോഴികളെ വളർത്തുന്നുണ്ട്. ഇവയുടെ പരിപാലനരീതികളും വ്യത്യസ്തമാണ്. അതുപോലെ ആഹാരത്തിന്റെ അളവിലും ഏറ്റക്കുറച്ചിലുണ്ടാകും. മുട്ട പോഷകസമ്പന്നമായ ഭക്ഷണമായതുകൊണ്ട് മുട്ടക്കോഴികളെ വളർത്താൻ എല്ലാവർക്കും താത്പര്യമാണ്. വീട്ടമ്മമാർക്കും തൊഴിൽരഹിതർക്കും വിശ്രമവേളയിൽ സമയം കണ്ടെത്തി ഇതിലൂടെ ആദായം നേടാം.



**മൂന്നുരീതിയിൽ വളർത്താം**

**1. ബാക്ക് യാർഡ് സമ്പ്രദായം:**

കോഴികളെ വീട്ടുവളപ്പിൽ അഴിച്ചുവിട്ട് മേയാൻ അനുവദിച്ചു വളർത്തുന്ന രീതിയാണിത്. വീട്ടുമുറ്റത്തെ കോഴിവളർത്തൽ സമ്പ്രദായം എന്നും പറയാം. നാടൻകോഴികളെയാണ് വളർത്താൻ താത്പര്യമെങ്കിൽ കരിങ്കോഴി, തലശ്ശേരി കോഴി, നേക്കഡ്നെക്ക്, അസീൽ, അരിക്കോഴി, തിത്തിരിക്കോഴി എന്നീ പ്രാദേശികയിനങ്ങളെ തിരഞ്ഞെടുക്കാം. വർഷം 80 മുതൽ 100 മുട്ടകൾ പ്രതീക്ഷിക്കാം. ഉത്പാദനശേഷി കൂടിയ ഇനങ്ങളെയാണ് വളർത്താൻ ഉദ്ദേശിക്കുന്നതെങ്കിൽ ഗ്രാമശ്രീ, ഗ്രാമലക്ഷ്മി, ഗ്രാമപ്രിയ, കൈരളി, കാവേരി, കലിംഗ ബ്രൗൺ, ഗിരിരാജ, വനരാജ, എന്നിവ. തീറ്റനൽകുന്നതിൽ കൂടുതൽ ശ്രദ്ധിച്ചാൽ 190 മുതൽ 200 മുട്ടകൾവരെ ഒരു വർഷം ലഭിക്കും. ഒന്നരവർഷംവരെ പരമാവധി ഉത്പാദനം ലഭിക്കും.

**2. കേജ് സമ്പ്രദായം:**

സ്ഥലപരിമിതിയുള്ളവർക്ക് അനുയോജ്യമായ രീതിയാണിത്. ഡീപ്പ് ലിറ്റർ സമ്പ്രദായത്തിൽ വർത്തുന്നതിനെക്കാൾ മൂന്നോ നാലോ ഇരട്ടി കോഴികളെ ഒരു നിശ്ചിത സ്ഥലത്ത് വളർത്താം. വീടിന്റെ ഏതെങ്കിലും ഭാഗത്തോ ടെറസുകളിലോ കൂടുവെച്ച് പാർപ്പിക്കാം. വിവിധതരത്തിലുള്ള കൂടുകൾ വിപണിയിൽ ലഭ്യമാണ്.

**3. ഡീപ് ലിറ്റർ സമ്പ്രദായം:**

ഒരേ വർഗത്തിലും പ്രായത്തിലുമുള്ള കോഴികളെ നിലത്തുവിരിച്ച ലിറ്ററിൽ വളർത്തുന്ന രീതിയാണിത്. തുറന്നുവിടാതെ മുറിക്കുള്ളിൽമാത്രം വളർത്തുക. മുട്ടക്കോഴികൾക്ക് ഒരെണ്ണത്തിന് മൂന്ന് അടി നീളവും രണ്ടര അടി വീതിയിലും സ്ഥലംവേണം. കെട്ടിടത്തിലെ പാർശ്വഭിത്തികൾ രണ്ട് അടി (60 സെ.മീ.) ഉയരത്തിൽ കെട്ടി ബാക്കിഭാഗങ്ങൾ കമ്പിവലയോ എക്സ്പാന്റഡ് മെറ്റൽവലയോ ഉപയോഗിച്ച് മറയ്ക്കാം. കമ്പിവല 2.5 സെ.മീ.X2.5 സെ.മീ. നീളമുള്ളതും നല്ല ബലമുള്ളതും ആയിരിക്കണം. ലിറ്റർ ഈർപ്പമില്ലാതിരിക്കാൻ അത് ഇടയ്ക്കിടെ ഇളക്കിക്കൊടുക്കുന്നത് നല്ലതാണ്. മഴക്കാലങ്ങളിൽ ആഴ്ചയിൽ ഒരിക്കൽവീതം ഇളക്കിക്കൊടുക്കണം.

## തീറ്റ

ആറുമുതൽ 20 ആഴ്ചവരെ ഗ്രോവർ തീറ്റയും അതിനുമുകളിൽ പ്രായമുള്ളവയ്ക്ക് ലേയർ തീറ്റയും നൽകണം. തീറ്റനൽകുന്നതിനായി തൂക്കിയിടുന്ന തീറ്റപ്പാത്രങ്ങളാണ് നല്ലത്. 35 സെ.മീ. വ്യാസമുള്ളതും 20 മുതൽ 25 കിലോഗ്രാം തീറ്റ ഉൾക്കൊള്ളാൻ കഴിവുള്ളതുമായ തൂക്കിയിടുന്ന തീറ്റപ്പാത്രങ്ങൾ 100 മുട്ടക്കോഴികൾക്ക് അഞ്ചെണ്ണംവെച്ചു നൽകണം. നിലത്തുവെക്കുന്ന നീളത്തിലുള്ളതാണെങ്കിൽ ഒരു കോഴിക്ക് 12.5 സെ.മീ. എന്നതോതിൽ അനുവദിക്കണം. വെള്ളപ്പാത്രത്തിൽനിന്ന് മൂന്നുമീറ്ററെങ്കിലും അകലത്തിലായിരിക്കണം വെക്കേണ്ടത്. കുടിക്കാനുള്ള വെള്ളം എപ്പോഴും പാത്രത്തിൽ വേണം. ഗ്രോവർലേയർ തീറ്റകൾ വിപണിയിൽ ലഭ്യമാണ്.

## വിരമരുന്ന്

രണ്ടുമാസത്തിൽ ഒരുതവണ എന്ന കണക്കിലും പ്രതിരോധ കുത്തിവെപ്പ് നൽകുന്നതിന് ഒരാഴ്ച മുൻപ് വിരയിളക്കാനുള്ള മരുന്നുകൾ നൽകണം. കോഴിപ്പേൻ ഉൾപ്പെടെയുള്ള ബാഹ്യപരാദങ്ങളെ നിയന്ത്രിക്കുന്നതിന് കൂട്ടിലും പരിസരത്തും മരുന്നുകൾ തളിക്കണം.

ശരീരം മരുന്നുകലക്കിയ വെള്ളത്തിൽ മുക്കിയെടുക്കുകയും ചെയ്യണം. മുട്ടയിടാൻ തുടങ്ങുന്നതിനു തൊട്ടുമുൻപ് കോഴിവസന്തയ്ക്കെതിരേ കുത്തിവെപ്പുനടത്തണം. രോഗപ്രതിരോധത്തിനായി വാക്സിൻ യഥാസമയം നൽകണം.

# കേരളത്തിലും വളരും ജബോട്ടിക്കാബ

ജബോട്ടിക്കാബ അഥവാ ബ്രസീലിയൻ ഗ്രേപ്ട്രീ. മലയാളികൾ മരമുന്തിരിയെന്നും വിളിക്കും. മധുരവും പുളിയും കലർന്ന സ്വാദും ഇരുണ്ട പർപ്പിൾ നിറവുമൊക്കെയായി തടിയോടു ചേർന്നുണ്ടാകുന്ന പഴം നേരിട്ടു കഴിക്കുന്നതിനും ജാം, സിറപ്പ്, വൈൻ, ടാർട് എന്നിവയുണ്ടാക്കുന്നതിനും യോജ്യം. പഴങ്ങൾക്ക് സൂക്ഷിപ്പുകാലം കുറവാണെന്ന ദോഷമുണ്ട്. സാവധാനം വളരുന്ന വൃക്ഷമാണെങ്കിലും കമ്പു കോതിയില്ലെങ്കിൽ 45 അടി വരെ ഉയരത്തിലെത്തും. പ്ലിനിയ കോളിഫ്ലോറ എന്നാണ് ശാസ്ത്രനാമം. മിർട്ടേസിയേ സസ്യകുടുംബം. ഈർപ്പമേറിയതും നേരിയ അമ്ലതയുള്ളതുമായ മണ്ണാണ് പഥ്യം. അനുകൂല സാഹചര്യങ്ങളിൽ വർഷം മുഴുവൻ ഫലം നൽകാറുണ്ട്.



പുറംതൊലിക്കുള്ളിലെ മധുരമേറിയ പൾപ്പിന്റെ മധ്യത്തിൽ 3-4 കുരുവുണ്ടാകും. ഈ വിത്തുകൾ പഴത്തിൽ നിന്നു പുറത്തെടുത്താൽ ഏതാനും ദിവസങ്ങൾക്കകം പാകിയില്ലെങ്കിൽ കിളിർപ്പുശേഷി നഷ്ടപ്പെടും. വളർച്ചാനിരക്ക് കുറവായതിനാൽ ബോൺസായ് മരമായി സംരക്ഷിക്കാൻ നന്ന്. ജബോട്ടിക്കാബ എന്ന മരമുന്തിരി കേരളത്തിലും കായ്ക്കുന്നുണ്ട്. ഇന്ത്യയിലെ ഓൺലൈൻ വിപണികളിൽ 200 മുതൽ 600 രൂപ വരെയാണ് ജബോട്ടിക്കാബയുടെ വില.

ചൂടുള്ള താപനിലയും മിതമായ ഈർപ്പവുമുള്ള ഉഷ്ണമേഖലാ കാലാവസ്ഥകളിലാണ് ജബോട്ടികാബ മരങ്ങൾ വളരുന്നത്. ധാരാളം സൂര്യപ്രകാശം ആവശ്യമാണ്, പക്ഷേ അവ വരൾച്ചയെ പ്രതിരോധിക്കുന്നില്ല, ഇതിനാൽ പതിവായി നനയ്ക്കണം. ഈ മരം താരതമ്യേന സാവധാനത്തിൽ വളരുന്നതും ഫലം കായ്ക്കാൻ ഒട്ടേറെ വർഷങ്ങൾ എടുത്തേക്കാം. ചില ഇനങ്ങൾ നടീൽ മുതൽ ഫലം കായ്ക്കുന്നതുവരെ 6 മുതൽ 8 വർഷം വരെ എടുക്കും.

ജബോട്ടിക്കാബ നന്നായി വളരാൻ 5.5 മുതൽ 6.5 വരെ pH പരിധിയുള്ള, നല്ല നീർവാർച്ചയുള്ള, ചെറുതായി അമ്ലത്വമുള്ള മണ്ണാണ് ഉപയോഗിക്കുന്നത്. പൂർണ സൂര്യപ്രകാശം ലഭിക്കുന്ന സ്ഥലത്ത് ജബോട്ടിക്കാബ നടേണ്ടത് പ്രധാനമാണ്, കാരണം സൂര്യപ്രകാശമുള്ള സാഹചര്യങ്ങളിൽ പഴങ്ങൾ വേഗത്തിൽ പാകമാകും. മരത്തിന് കുറച്ച് തണൽ വേണമെങ്കിലും, അധികം തണലിൽ വളർത്തിയാൽ കാര്യമായ വിളവ് ലഭിക്കാൻ സാധ്യതയില്ല. ഈ മരം മിതമായ താപനിലയും ഇഷ്ടപ്പെടുന്ന ഒന്നാണ്.

ജബോട്ടിക്കാബ മരം വിത്തിൽ നിന്നോ ഗ്രാഫ്റ്റിങ് വഴിയോ വളർത്താം. വേഗത്തിൽ ഫലം കായ്ക്കുന്നതിന് ഗ്രാഫ്റ്റിങ് മരങ്ങളാണ് പലപ്പോഴും ഉപയോഗിക്കുന്നത്. ജബോട്ടിക്കാബ മരങ്ങൾ നിലത്ത് നടുമ്പോൾ, അവ തമ്മിൽ കുറഞ്ഞത് 15 അടി അകലമെങ്കിലും നൽകേണ്ടത് പ്രധാനമാണ്, കാരണം അവ വലുതും പടർന്നു കയറുന്നതുമായ മരങ്ങളായി വളരും. അവയുടെ ആകൃതി നിലനിർത്താൻ മരങ്ങൾക്ക് നേരിയ കൊമ്പുകോതൽ നല്ലതാണ്, എന്നാൽ കായ്കൾ നേരിട്ട് തടിയിലും ശാഖകളിലും വളരുന്നതിനാൽ അവയ്ക്ക് സാധാരണയായി കാര്യമായ കൊമ്പുകോതൽ ആവശ്യമില്ല.

ജബോട്ടിക്കാബ കൃഷിയുടെ ഏറ്റവും ആകർഷകമായ വശങ്ങളിലൊന്ന് അതിന്റെ സവിശേഷമായ ഫലം കായ്ക്കുന്ന രീതിയാണ്. ചില സീസണുകളിൽ പൂക്കുകയും കായ്ക്കുകയും ചെയ്യുന്ന മിക്ക ഫലവൃക്ഷങ്ങളിൽ നിന്നും വ്യത്യസ്തമായി, ജബോട്ടിക്കാബ മരങ്ങൾക്ക് വർഷം മുഴുവനും പൂക്കാനും ഫലം കായ്ക്കാനും കഴിയും, എന്നാലും പലപ്പോഴും ഉൽപാദനത്തിന്റെ ഏറ്റവും ഉയർന്ന കാലഘട്ടമുണ്ട്. ജബോട്ടിക്കാബയുടെ പൂക്കൾ തടിയിലും ശാഖകളിലും നേരിട്ട് കൂട്ടമായാണ് പ്രത്യക്ഷപ്പെടാറ്. ജബോട്ടിക്കാബ മരങ്ങൾ സ്വയം പരാഗണം നടത്തുന്നവയാണ്. എന്നാൽ മറ്റ് മരങ്ങളിൽ നിന്നുള്ള ക്രോസ്പരാഗണം ചിലപ്പോൾ ഉയർന്ന വിളവും വലിയ പഴങ്ങളും ഉണ്ടാക്കും. അനുയോജ്യമായ സാഹചര്യങ്ങളിൽ ഏകദേശം 4 മുതൽ 5 വർഷം വരെ പ്രായമാകുമ്പോൾ അവ ഫലം കായ്ക്കാൻ തുടങ്ങും. എന്നാൽ ചില മരങ്ങൾ വിളവെടുപ്പിന് കൂടുതൽ സമയമെടുക്കും.

# മണപ്പുറം വളർച്ചാ മാതൃക ഹാർവാഡിൽ പഠനത്തിന്

**കൊച്ചി:** മണപ്പുറം ഫിനാൻസിന്റെ വളർച്ചാ തന്ത്രങ്ങളും സാധാരണക്കാരെ കേന്ദ്രീകരിച്ചുള്ള പ്രവർത്തനവും മനുഷ്യ വിഭവ ശേഷിയുടെ ഉപയോഗവും ഹാർവാഡ് സർവകലാശാലയിൽ പഠന വിധേയമാകുന്നു. ഡോക്ടർ സന്ദീപ് കൃഷ്ണൻ (സി ഇ ഒ പീപ്പിൾ ബിസിനസ് ), ഡോക്ടർ രഞ്ജിത് നമ്പൂതിരി, അസീം ത്യാഗി എന്നിവർ ചേർന്ന് 'മണപ്പുറം ഫിനാൻസ് ലിമിറ്റഡ് : ബിൽഡ് ഓർ ബൈ ടാലന്റ് ' എന്ന ശീർഷകത്തിൽ നടത്തിയ പഠനമാണ് ഹാർവാഡ് ബിസിനസ് പബ്ലിഷിംഗ് കേസ് സ്റ്റഡിയായി ഉപയോഗിക്കുന്നത്. സാധാരണക്കാർക്ക് ശരിയായ അവസരം നൽകിയാൽ അസാധാരണ ഫലങ്ങൾ നേടാനാകുമെന്ന മാനേജിംഗ് ഡയറക്ടർ വി പി നന്ദകുമാറിന്റെ തത്വ ചിന്ത എങ്ങനെയാണ് മണപ്പുറം ഫിനാൻസിനെ വിജയകരമായി മുന്നോട്ടു നയിച്ചതെന്നാണ് പഠനം പരിശോധിക്കുന്നത്. പ്രതിഭാ വികസനത്തിനും നേതൃത്വ രൂപീകരണത്തിനും സർവാശ്ലേഷിയായ വളർച്ചാ മാതൃകയ്ക്കും അടിസ്ഥാനം നന്ദകുമാർ പിന്തുടരുന്ന വളർച്ചാ കേന്ദ്രീകൃതമായ ശൈലിയാണെന്ന് പഠനം കണ്ടെത്തുന്നു. ഈ വർഷം ഓഗസ്റ്റ് 13ന് ഐവി പബ്ലിഷിംഗാണ് പഠനം ആദ്യമായി പ്രസിദ്ധീകരിച്ചത്.

ഹാർവാഡ് ബിസിനസ് പബ്ലിഷിംഗിന്റെ പഠനങ്ങൾ ലോകമെങ്ങുമുള്ള ആയിരക്കണക്കിന് സർവ കലാശാലകളും ബിസിനസ് സ്കൂളുകളും പിന്തുടരുന്നുണ്ട്. അക്കദമിക് സമൂഹത്തിൽ മണപ്പുറം ഫിനാൻസിന്റെ പ്രവർത്തനങ്ങൾക്ക കൂടുതൽ ദൃശ്യത ലഭിക്കാൻ പഠനം സഹായകമാണ്. നൂറിലേറെ രാജ്യങ്ങളിലുള്ള 3500ൽ പരം സ്ഥാപനങ്ങൾ ഈ പഠനം ഉപയോഗിക്കുന്നുണ്ട്. രാജ്യത്തെ പ്രമുഖ മാനേജ്മെന്റ് സ്ഥാപനമായ അഹമ്മദാബാദിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിലും ഈയിടെ ഇതേക്കുറിച്ച് ചർച്ച നടന്നിരുന്നു. ജനങ്ങളെ ശാക്തീകരിക്കുന്ന മണപ്പുറം ഫിനാൻസിന്റെ വളർച്ചാ തന്ത്രങ്ങളും വ്യാപാര മൂല്യങ്ങളും അഹമ്മദാബാദ് ഐഐഎമ്മിലും ലോകമെങ്ങുമുള്ള ബിസിനസ് സ്കൂളുകളിലും ചർച്ച ചെയ്യപ്പെടുന്നത് കമ്പനി പിന്തുടരുന്ന പ്രവർത്തന ശൈലിക്കു ലഭിച്ച വലിയ അംഗീകാരമാണെന്ന് സിഎംഡി വി പി നന്ദകുമാർ പറഞ്ഞു.

# ടെസ്റ്റ് ഡ്രൈവ് കാർണിവലുമായി നിസാൻ ഇന്ത്യ

**കൊച്ചി:** രാജ്യത്തുടനീളമുള്ള ഡീലർഷിപ്പുകളിൽ ഉപഭോക്താക്കൾക്ക് മികച്ച അനുഭവം നൽകാനായി ടെസ്റ്റ് ഡ്രൈവ് കാർണിവലിന് തുടക്കം കുറിച്ച് നിസാൻ മോട്ടോർ ഇന്ത്യ. കഴിഞ്ഞ മാസങ്ങളിൽ നിസാൻ കാറുകൾക്ക് ലഭിച്ച വർദ്ധിച്ച ആവശ്യകതയുടെ തുടർച്ചയായാണ് പുതിയ കാർണിവൽ നിസാൻ ആരംഭിച്ചിരിക്കുന്നത്. അടുത്തിടെ 5സ്റ്റാർ റേറ്റിംഗ് നേടിയ നിസാൻ മാഗ്നൈറ്റിന്റെ സുരക്ഷ, നവീകരണം തുടങ്ങിയ സവിശേഷതകൾ നേരിട്ട് അറിയാൻ ഉപഭോക്താക്കളെ ക്ഷണിക്കുന്നതാണ് ടെസ്റ്റ് ഡ്രൈവ് കാർണിവൽ. 60,000 രൂപ വരെ എക്സ്ചേഞ്ച് ആനുകൂല്യങ്ങൾ,10,000 വരെ ക്യാഷ് ആനുകൂല്യങ്ങൾ, 6.99% നിരക്കിൽ ഫിനാൻസ്, നേരത്തെയുള്ള ബുക്കിംഗ് വഴി 11,000 രൂപ വരെ അധിക ക്യാഷ് ആനുകൂല്യം എന്നിവ കാർണിവലിലെ എക്സ്ക്ലൂസീവ് ഓഫറുകളാണ്. രാജ്യത്തെ 24 പ്രധാന നഗരങ്ങളിലുള്ള ഡീലർഷിപ്പുകളിൽ ആഘോഷണങ്ങൾ, ഗെയിമുകൾ, ക്വിസുകൾ, തത്സമയ ആർജ്ജ ഇവന്റുകൾ, സമ്മാനങ്ങൾ എന്നിവയും ഉൾപ്പെടെ സംഘടിപ്പിക്കും.

# ബജാജ് ഫിൻസെർവ് ഫണ്ട് ഓഫർ 24 അവസാനിക്കും

**കൊച്ചി:** ബജാജ് ഫിൻസെർവ് അസറ്റ് മാനേജ്മെന്റ് ലിമിറ്റഡ് പുതിയ നിക്ഷേപ പദ്ധതിയായ ബജാജ് ഫിൻസെർവ് ബാങ്കിംഗ് ആൻഡ് ഫിനാൻഷ്യൽ സർവീസസ് ഫണ്ട് അവതരിപ്പിച്ചു. ബാങ്കിംഗ്, എൻബിഎഫ്സി, ഇൻഷുറൻസ്, മൂലധന വിപണി, എഎംസി തുടങ്ങിയ ധനകാര്യ സേവന മേഖലകളിൽ നിക്ഷേപിക്കുന്ന ഓപ്പൺ എൻഡഡ് ഇക്വിറ്റി സ്കീമാണിത്.

പുതിയ ഫണ്ട് ഓഫർ 24ന് അവസാനിക്കുമെന്ന് കമ്പനി അധികൃതർ അറിയിച്ചു. ഈ ഫണ്ട് നിഫ്റ്റി ഫിനാൻഷ്യൽ സർവീസസ് ടിആർഐയ്ക്കെതിരെ ബെഞ്ച് മാർക്ക് ചെയ്തിരിക്കുന്നു. നിക്ഷേപകർക്ക് രാജ്യത്തിന്റെ സാമ്പത്തിക പരിവർത്തനത്തിലും ദീർഘകാല സമ്പത്ത് രൂപീകരിക്കുന്നതിലും പങ്കെടുക്കാൻ ഇത് ഒരു അവസരം വാഗ്ദാനം ചെയ്യുന്നു.

യുപിഐ സ്വീകരിക്കൽ, ഡിജിറ്റൽ വായ്പ, ജൻ ധൻ സംരംഭങ്ങൾ, എൻബിഎഫ്സികൾ, മ്യൂച്വൽ ഫണ്ടുകൾ, ഇൻഷുറൻസ് എന്നിവയിലുടനീളം വർദ്ധിച്ചുവരുന്ന പങ്കാളിത്തം തുടങ്ങിയ മെഗാട്രെൻഡുകളുടെ പിന്തുണയോടെ, ബിഎഫ്എസ്ഐ മേഖലയിലേക്ക് ശ്രദ്ധ കേന്ദ്രീകരിച്ച് സമ്പത്ത് സൃഷ്ടിക്കാൻ ശ്രമിക്കുന്ന ഉയർന്ന റിസ്ക് താല്പര്യമുള്ള ദീർഘകാല നിക്ഷേപകർക്കായി ഈ പദ്ധതി രൂപകൽപ്പന ചെയ്തിരിക്കുന്നു.

# എഐ അധിഷ്ഠിത മെമ്മോ പ്ലാറ്റ്ഫോമുമായി ഡിജിറ്റൽ വർക്കർ സർവീസസ്

**കൊച്ചി:** ആഗോള സംരംഭങ്ങൾക്ക് കരുത്തേകാൻ എഐ അധിഷ്ഠിത 'മെമ്മോ' പ്ലാറ്റ്ഫോം പുറത്തിറക്കി കൊച്ചിയിലെ തദ്ദേശീയ സോഫ്ട്വെയർ ടീമായ ഡിജിറ്റൽ വർക്കർ സർവീസസ്. എഐ അധിഷ്ഠിത ഇന്റലിജന്റ് ഓട്ടോമേഷൻ മേഖലയിൽ പ്രവർത്തിക്കുന്ന ലോകത്തിലെ മുൻനിര 60 പ്രൊഫഷണൽ സർവീസ് ടീമുകളിൽ ഒന്നെന്ന ബഹുമതി സ്വന്തമാക്കി മുന്നേറുകയാണ് ഇതിനു പിന്നിലുള്ള 15 ഓട്ടോമേഷൻ എഞ്ചിനീയർമാരടങ്ങുന്ന സംഘം. കഴിഞ്ഞ അഞ്ച് വർഷത്തിനിടെ അമേരിക്കയിലും യൂറോപ്പിലുമായി 300 ലധികം എന്റർപ്രൈസ് ഓട്ടോമേഷൻ സൊല്യൂഷനുകളും ആഗോളതലത്തിൽ 250ലേറെ ക്ലയന്റുകൾക്ക് സേവനങ്ങളും ഗ്രൂപ്പ് ഒരുക്കിയിട്ടുണ്ടെന്ന് സിഇഒ ആരോമൽ ജയരാജ് ഷിക്കി പറഞ്ഞു. ന്യൂയോർക്കിൽ ഓഫീസുള്ള കമ്പനി, വിപുലീകരണത്തിന്റെ ഭാഗമായി നാസ്ഡാക് (എൻ എ എസ് ഡി എ ക്യു) ഗ്രോത്ത് മാർക്കറ്റുകളിൽ ലിസ്റ്റ് ചെയ്യുന്നതിനുള്ള കൊച്ചി ആസ്ഥാനമായ ആദ്യ എഐ ഉത്പന്ന കമ്പനിയാകാൻ ലക്ഷ്യമിടുന്നു. വളർച്ചാ മൂലധനം ഉറപ്പാക്കുന്നതിനായി മറ്റ് ക്യാപിറ്റൽ മാർക്കറ്റുകളെയും പരിഗണിക്കുന്നതായും 2025 അവസാനത്തോടെ ഒരു മില്യൺ ഡോളറിലധികം ആനുവൽ റിക്കറിങ് റവന്യൂ സ്വന്തമാക്കുന്നതിന് വേണ്ടിയുള്ള ഉപഭോക്തൃ സമാഹരണം യൂറോപ്യൻ യൂണിയൻ, യുഎസ് വിപണികളിൽ കൂടി ശക്തമാക്കാനാണ് കമ്പനി ശ്രമിക്കുന്നതെന്നും ആരോമൽ ജയരാജ് ഷിക്കി പറഞ്ഞു.കമ്പനി ഇപ്പോൾ ലഘുവായതും കുറഞ്ഞ ചെലവിൽ പ്രവർത്തിക്കുന്നതുമായ ആർട്ടിഫിഷ്യൽ ജനറൽ ഇന്റലിജൻസ് (എജിഐ) എന്ന ഫ്രെയിംവർക്ക് അവതരിപ്പിക്കുന്നു. ഈ പ്ലാറ്റ്ഫോം ഉപയോഗിച്ച് എഐ സഹായത്തോടെ മനുഷ്യസാന്നിധ്യം ഇല്ലാതെ തന്നെ ചെലവ് കുറഞ്ഞ ബിപിഒ കൾ പ്രവർത്തിപ്പിക്കാൻ സാധിക്കും. എഐ അധിഷ്ഠിത ഡിജിറ്റൽ സേവനങ്ങൾ സുഗമമാക്കുന്നതിനും ഉത്പാദനക്ഷമത വർധിപ്പിക്കുന്നതിനും ഇതുവഴി സാധിക്കുമെന്നതാണ് വിപ്ലവകരമായ നേട്ടം. ഇത് പൂർണ്ണമായും സൗജന്യമാണന്നതാണ് മറ്റൊരു പ്രത്യേകത.ഉയർന്ന സാമ്പത്തിക നിക്ഷേപം ആവശ്യമുള്ള പരമ്പരാഗത എഐ പ്ലാറ്റ്ഫോമുകളിൽ നിന്ന് വ്യത്യസ്തമായി ഡിജിറ്റൽ വർക്കർ സർവീസസ് തങ്ങളുടെ സാങ്കേതികവിദ്യ ചെറുകിട, ഇടത്തരം സംരംഭങ്ങൾക്ക് വരെ സൗജന്യമായി ലഭ്യമാക്കുന്നു. ചെലവേറിയതും സങ്കീർണ്ണവുമായ എഐ സൊല്യൂഷനുകൾ നിറഞ്ഞ വ്യവസായത്തിൽ ഓട്ടോമേഷനിലൂടെ പരിവർത്തനം സൃഷ്ടിക്കുക എന്ന വ്യക്തമായ കാഴ്ചപ്പാടോടു കൂടിയാണ് കമ്പനി യാത്ര തുടങ്ങിയതെന്ന് സിഇഒ പറഞ്ഞു.

# ഫിൻലാൻഡ് സർക്കാരിന്റെ സിസു ലോഞ്ച് പാഡിലേക്ക് പ്രവേശനം നേടി ക്യൂബേ കരിയർ

**കൊച്ചി:** സ്റ്റാർട്ടപ്പ് സംരംഭം ക്യൂബേ കരിയർ ഫിൻലാൻഡ് സർക്കാരിന്റെ പ്രശസ്തമായ സിസു ലോഞ്ച്പാഡ് പരിപാടിയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു. ആഗോളതലത്തിൽ ഫിൻലാൻഡ് സർക്കാർ തെരഞ്ഞെടുത്ത മുൻനിര 20 സ്റ്റാർട്ടപ്പുകളിൽ ഒന്നായി മാറിയിരിക്കുകയാണ് ക്യൂബേ കരിയർ.ക്യൂബേ സ്ഥാപകരായ ഫാസിൽ കരാട്ടും ഡോ. മുഹമ്മദ് ഷഫീഖ് കരാട്ടും ഇപ്പോൾ ഹെൽസിങ്കിയിൽ നടക്കുന്ന, നോർഡിക് രാജ്യങ്ങളും യൂറോപ്യൻ യൂണിയൻ വിപണിയും ലക്ഷ്യമിടുന്ന പ്രമുഖ ആക്സിലറേറ്റർ പ്രോഗ്രാമിൽ പങ്കെടുക്കുകയാണ്. യുകെ, അയർലൻഡ്, യൂറോപ്പ്, എന്നിവിടങ്ങളിലെ അന്താരാഷ്ട്ര വിദ്യാർത്ഥികൾക്കായി ക്യൂബേ കരിയർ മാർഗനിർദ്ദേശം, ജോലിക്കുള്ള തയ്യാറെടുപ്പ്, അപേക്ഷ മുതൽ അഭിമുഖം വരെ സമ്പൂർണ്ണ പിന്തുണ എന്നിവ നൽകുന്നു.

ആഗോളതലത്തിൽ തിരഞ്ഞെടുക്കപ്പെട്ട 20 സ്റ്റാർട്ടപ്പുകളിൽ ഒന്നാകാൻ കഴിഞ്ഞത് കേരള സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥയ്ക്കുള്ള വലിയ അംഗീകാരമാണെന്ന് ക്യൂബേ സ്ഥാപകർ വ്യക്തമാക്കി. സിസു ലോഞ്ച്പാഡിലേക്ക് ഈ വർഷം തിരഞ്ഞെടുക്കപ്പെട്ട ഏക ഇന്ത്യൻ സ്റ്റാർട്ടപ്പും ക്യൂബേ ആണ്. ഡോ. ഫാസിലിന് ഫിൻലാൻഡ് റിപ്പബ്ലിക് പ്രസിഡന്റുമായി കൂടിക്കാഴ്ച നടത്താനുള്ള അവസരവും ലഭിച്ചിട്ടുണ്ട്. സിസു ലോഞ്ച് പാഡ് പോലുള്ള അന്താരാഷ്ട്ര വേദിയിലേക്ക് എത്താൻ കഴിഞ്ഞത് കേരളത്തിലെ സംരംഭകശേഷിയുടെ അംഗീകാരം ആണെന്ന് ഫാസിൽ പറഞ്ഞു. കോഴിക്കോട്ടെ ഒരു ചെറിയ ഗ്രാമത്തിൽ നിന്നുള്ള ക്യൂബേയ്ക്ക് കേരള സ്റ്റാർട്ടപ്പ് ഇക്കോസിസ്റ്റത്തിന്റെ പിന്തുണയോടെയാണ് ആഗോള വിപണിയിലെത്താൻ സഹായകമായത്. ഇത്തരമൊരു നേട്ടത്തോടെ ക്യൂബേ കരിയർ യൂറോപ്യൻ വിപണിയിലേക്ക് സേവനങ്ങൾ വ്യാപിപ്പിക്കുന്നതിൽ നിർണ്ണായക ചുവടു വെപ്പാണ് നടത്തുന്നതെന്നും ഫാസിൽ പറഞ്ഞു.

യൂറോപ്യൻ യൂണിയനു പുറത്തുള്ള സ്റ്റാർട്ടപ്പുകൾക്ക് പ്രത്യേകിച്ച് ഫിൻലാൻഡ് വിപണിയിൽ പ്രവേശിക്കാൻ സഹായിക്കുന്നതിനു വേണ്ടിയുള്ള ആക്സിലറേറ്റർ പദ്ധതിയാണ് സിസു ലോഞ്ച്പാഡ്. മെന്റോർഷിപ്പ്, ഇൻവെസ്റ്റർ ബന്ധങ്ങൾ, പ്രായോഗിക ബിസിനസ് പരിശീലനം എന്നിവ നൽകുകയും, ഫിൻലാൻഡിലെ സ്റ്റാർട്ടപ്പ് ഇക്കോസിസ്റ്റം മനസിലാക്കുന്നതിനായി സ്ഥാപകരെ സഹായിക്കുകയും ചെയ്യുന്നു. യൂറോപ്യൻ വിപണിയിലെ നിക്ഷേപകരിലേക്കും അവസരങ്ങളിലേക്കും സ്റ്റാർട്ടപ്പുകൾക്ക് നേരിട്ടുള്ള പ്രവേശനവും ഈ പ്രോഗ്രാം ഒരുക്കുന്നു.

# എ ഐ ഓഫർ നവീകരിച്ച് ജിയോ; ആനുകൂല്യം എല്ലാ 5ജി ഉപയോക്താക്കൾക്കും

**കൊച്ചി:** ജിയോ ജെമിനി ഓഫറുമായി ബന്ധപ്പെട്ടു പുതിയ പ്രഖ്യാപനവുമായി റിലയൻസ് ജിയോ തങ്ങളുടെ ജിയോ. ജെമിനി ഓഫർ ഇപ്പോൾ ഗൂഗിളിന്റെ പുതിയ ജെമിനി 3 എ. ഐ മോഡലിലേക്ക് കൂടി ലഭ്യമാക്കുമെന്നാണ് ജിയോ വ്യക്തമാക്കിയിരിക്കുന്നത്. ജിയോ തങ്ങളുടെ യുവ 5ജി പ്ലാൻ ഉപയോക്താക്കൾക്ക് ഗൂഗിൾ എഐ പ്രോയിലേക്ക് 18 മാസത്തെ സൗജന്യ സബ്സ്ക്രിപ്ഷൻ വാഗ്ദാനം ചെയ്തിരുന്നു. എല്ലാ ജിയോ 5ജി ഉപയോക്താക്കൾക്കും അധിക തുക ഒന്നും നൽകാതെ തന്നെ ജെമിനി 3 മോഡിലേക്ക് ഇനി മാറാം. നേരത്തെ തങ്ങളുടെ ഗൂഗിൾ പ്രോ ആനുകൂല്യം ജിയോ 18നും 25നും ഇടയിൽ പ്രായമുള്ള ഉപയോക്താക്കൾക്ക് മാത്രമായി പരിമിതപ്പെടുത്തിയിരുന്നു. എന്നാൽ ഇപ്പോൾ അത് എല്ലാ 5ജി ഉപയോക്താക്കൾക്കും ലഭ്യമാണ്.ഗൂഗിളും ജിയോയും പങ്കാളിത്തത്തിൽ ഏർപ്പെട്ട ശേഷമുള്ള പ്രധാന സംഭവ വികാസമാണ് ജെമിനി 3 എ ഐ മോഡിലേക്കുള്ള മാറ്റം. ജിയോ ഉപയോക്താക്കൾക്ക് 18 മാസത്തേക്ക് ഗൂഗിൾ എഐ പ്രോ സേവനം സൗജന്യമാക്കിയ പദ്ധതി അടുത്തിടെയാണ് ജിയോ പ്രഖ്യാപിച്ചത്. ഓരോ ഉപഭോക്താവിനും ഫ്രീ ആയി ലഭിക്കുന്നത് 35,100 രൂപയുടെ മൂല്യമുള്ള സേവനങ്ങളാണ്.

# കൊച്ചി മെട്രോ: സർവ്വീസ് സമയം ദീർഘിപ്പിച്ചു

**കൊച്ചി:** തൃപ്പൂണിത്തുറ ശ്രീ പൂർണത്രയീശ ക്ഷേത്രോൽസത്തോടനുബന്ധിച്ച് കൊച്ചി മെട്രോ നവംബർ 26 വരെ തൃപ്പൂണിത്തുറയിൽ നിന്ന് ആലുവയിലേക്കുള്ള സർവ്വീസ് രാത്രി 11.30 വരെ നീട്ടി. രാത്രി 10.30 നു ശേഷം ആലുവയിലേക്ക് 20 മിനിറ്റ് ഇടവിട്ട് 11.30 വരെ സർവ്വീസുണ്ടായിരിക്കും. ആലുവയിൽ നിന്ന് തൃപ്പൂണിത്തുറയ്ക്കുള്ള സർവ്വീസ് നിലവിലുള്ളതുപോലെ 10.30 വരെയേ ഉണ്ടായിരിക്കുയുള്ളൂ.

# പുതിയ ക്യാമ്പയിൻ അവതരിപ്പിച്ച് കെഎഫ്സി




**കൊച്ചി:** കെഎഫ്സി ഇന്ത്യ 'ദി ഗ്രേറ്റ് കെഎഫ്സി ഫെസ്റ്റിവൽ' ക്യാമ്പയിൻ പുറത്തിറക്കി. കെഎഫ്സി ശൃംഖല അതിന്റെ ഏറ്റവും ജനപ്രിയമായ നാല് മെനു ഇനങ്ങൾ ഏകീകൃത വിലയിൽ ലഭ്യമാക്കും. പ്രമോഷണൽ മെനുവിൽ ക്രഞ്ചി, ചീസ് നിറച്ച ചിസ്റ്റ, ചിക്കൻ, ബൺ ഇല്ലാത്ത ഡബിൾ ഡൗൺ ബർഗർ, ക്ലാസിക് ഗോൾഡ് ബർഗർ, ഒമ്പത് പീസ് ചിക്കൻ ബക്കറ്റ് എന്നിവ ഉൾപ്പെടുന്നു. ഓരോ ഭക്ഷണത്തോടൊപ്പം ഫ്രൈസും പെപ്സിയും ഉണ്ടെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.

# മെല്ലർ ഇന്ത്യയിൽ അവതരിപ്പിച്ച് ലെൻസ്കാർട്ട്, പോപ്മാർട്ടുമായുള്ള പങ്കാളിത്തവും പ്രഖ്യാപിച്ചു

**കൊച്ചി:** ബാഴ്സലോണയിൽ നിന്നുള്ള ബ്രാൻഡായ മെല്ലർ ഇന്ത്യൻ വിപണിയിൽ അവതരിപ്പിക്കുന്നതായി പ്രഖ്യാപിച്ച് ലെൻസ്കാർട്ട്. ഇതോടൊപ്പം ആഗോള പോപ്പ്കൾച്ചർ ബ്രാൻഡായ പോപ്മാർട്ടുമായി പുതിയ ക്രിയേറ്റീവ് ഐവെയർ പങ്കാളിത്തവും ലെൻസ്കാർട്ട് പ്രഖ്യാപിച്ചു. ആധുനിക ‘ഹൗസ് ഓഫ് ഐവെയർ ബ്രാൻഡ്സ്’ കെട്ടിപ്പടുക്കാനുള്ള ലെൻസ്കാർട്ടിന്റെ ലക്ഷ്യത്തിന് കൂടുതൽ കരുത്ത് പകരുന്നതാണ് ഈ നീക്കം. പോപ്പ് മാർട്ട് x ലെൻസ്കാർട്ട് കണ്ണട ശേഖരം ഡിസംബർ ആദ്യ വാരം മുതൽ സിംഗപ്പൂരിൽ ഓൺലൈനിലും തിരഞ്ഞെടുത്ത ലെൻസ്കാർട്ട് സ്റ്റോറുകളിലും ലഭ്യമാകും. ഹാരീ പോട്ടർ, ഹെല്ലോ കിറ്റി, പോക്കിമോൻ, ഡ്രാഗൺ ബോൾ സീ, സൂപ്പർമാൻ, ബാറ്റ്മാൻ എന്നിവയുൾപ്പെടെയുള്ള ലെൻസ്കാർട്ടിന്റെ സാംസ്കാരിക സഹകരണങ്ങളുടെ വിപുലീകരണം കൂടിയാണ് ഈ പങ്കാളിത്തം.

യൂറോപ്പിലെ ഏറ്റവും സ്വാധീനമുള്ള ഡയറക്റ്റ് ടു കൺസ്യൂമർ യൂത്ത് ഐവെയർ ബ്രാൻഡുകളിൽ ഒന്നാണ് ബാഴ്സലോണയിൽ സ്ഥാപിതമായ മെല്ലർ. 7 ലക്ഷത്തിലധികം ഫോളോവേഴ്സുള്ള മെല്ലർ ഇതിനകം യൂറോപ്പിലും യു.എസിലും ശക്തമായ സാന്നിധ്യം ഉറപ്പിച്ചു കഴിഞ്ഞു. പങ്കാളിത്തത്തിന്റെ ഭാഗമായി ലെൻസ്കാർട്ടിന്റെ ഇന്ത്യയിലുടനീളമുള്ള റീട്ടെയിൽ ശൃംഖലയിലുടെയും, ലെൻസ്കാർട്ട് ആപ്പ് വഴിയും, വെബ്സൈറ്റ് വഴിയും, ഓൺലൈനിലും മെല്ലർ ലഭ്യമാവും. 500 തിരഞ്ഞെടുത്ത സ്റ്റോറുകളിലായിരിക്കും ബ്രാൻഡ് ആദ്യം എത്തുക. മെല്ലർ, ജോൺ ജേക്കബ്സ്, ഓൺഡേയ്സ് പോലുള്ള ബ്രാൻഡുകളിലൂടെയും, പോപ്മാർട്ട്, ഡ്രാഗൺ ബോൾ സീ, ഹാരി പോട്ടർ തുടങ്ങിയ ക്രിയേറ്റീവ് പങ്കാളിത്തങ്ങളിലൂടെയും പുതുതലമുറ ഉപഭോക്താക്കളുടെ ആവശ്യം മനസിലാക്കിയുള്ള പ്രീമിയം നിരയാണ് ലെൻസ്കാർട്ട് ക്രമേണ കെട്ടിപ്പടുക്കുക്കുന്നത്.

# കുട്ടികളുടെ നേത്രപരിശോധനയ്ക്കായി ഏക് താരാ ടെസ്റ്റ് കാമ്പയിനുമായി ടൈറ്റൻ ഐ+



**കൊച്ചി:** കുട്ടികളിലെ കാഴ്ച പ്രശ്നങ്ങൾ കണ്ടെത്തുന്നതിനുള്ള ലളിതവും രസകരവുമായ ഒരു പ്രാഥമിക നേത്ര പരിശോധനാ രീതി പരിചയപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ഏക് താര ടെസ്റ്റ് എന്ന പേരിലുള്ള ഒരു സവിശേഷ കാമ്പയിന് ടൈറ്റൻ ഐ+ തുടക്കമിട്ടു. പണ്ട് കാലത്ത് വേട്ടക്കാരുടെ കാഴ്ച പരിശോധിക്കാനായി നിർദ്ദേശിച്ചിരുന്ന രീതിയിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ടാണ് കുട്ടികൾക്കുള്ള ഈ നേത്ര പരിശോധനാ രീതി രൂപപ്പെടുത്തിയിരിക്കുന്നത്.

പഴയകാലത്ത് വേട്ടക്കാരുടെ കാഴ്ചശക്തി പരിശോധിച്ചിരുന്നത് സപ്തർഷി നക്ഷത്രസമൂഹത്തിലെ രണ്ട് വ്യത്യസ്ത നക്ഷത്രങ്ങളായ അൽകോർ, മിസാർ എന്നിവയെ കാണാനുള്ള അവരുടെ കഴിവ് നോക്കിയായിരുന്നു. രണ്ട് നക്ഷത്രങ്ങളെയും കാണാൻ കഴിയുന്നവർക്ക് മികച്ച കാഴ്ചശക്തിയുണ്ടെന്ന് കണക്കാക്കപ്പെട്ടിരുന്നു. ഇതിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് രൂപപ്പെടുത്തിയതാണ് ‘ഏക് താര ടെസ്റ്റ്‘. കുട്ടികളെ ഇരുട്ടിൽ സപ്തർഷി നക്ഷത്രസമൂഹവുമായി പൊരുത്തപ്പെടുത്താൻ അനുവദിക്കുന്ന ലളിതമായ ഒരു നക്ഷത്ര കണ്ടെത്തൽ സഹായിയാണ് ഇത്. കളിയിലൂടെയുള്ള ഈ പരിശോധന കണ്ണട ആവശ്യമുള്ള കുട്ടികൾക്കുള്ള ഒരു പ്രാഥമിക സ്ക്രീനിംഗായി മാറും.

മങ്ങിയ കാഴ്ചശക്തി ദൈനംദിന ജീവിതത്തെ ബാധിക്കുന്ന ഒരു സ്കൂൾ വിദ്യാർത്ഥിനിയായ സാഹിബയുടെ കഥ പറയുന്ന ഒരു പ്രചരണ ചിത്രത്തിലൂടെ ഈ കാമ്പയിൻ പ്രചാരണം ടൈറ്റൻ ഐ+ ജീവസുറ്റതാക്കി. പ്രായത്തിനനുസരിച്ച് വരുന്ന ഒരു അവസ്ഥയാണ് കാഴ്ചക്കുറവ് എന്ന മാതാപിതാക്കളുടെ തെറ്റിദ്ധാരണ പലപ്പോഴും കുട്ടികൾക്ക് നേത്ര പരിശോധന നടത്താത്തതിലേക്ക് നയിക്കുന്നു എന്ന പ്രശ്!നം ഈ ഫിലിം എടുത്ത് കാണിക്കുന്നു. ഈ വെല്ലുവിളിയെ മറികടക്കാൻ, ടൈറ്റൻ ഐ+ ഒരു പഴയകാല നേത്രപരിശോധനാ രീതിയെ രസകരവും ഫലപ്രദവുമായ നേത്ര പരിശോധനാ ഉപകരണമാക്കി മാറ്റി.

അഞ്ചിൽ ഒരു കുട്ടിക്കും കാഴ്ച മങ്ങൽ അനുഭവപ്പെടുന്നുവെന്നും അവരിൽ ഗണ്യമായ ഒരു വിഭാഗം നിശബ്ദമായി കഷ്ടപ്പെടുകയാണെന്നും ടൈറ്റൻ കമ്പനി ലിമിറ്റഡിൻറെ ഐകെയർ വിഭാഗം മാർക്കറ്റിംഗ് മേധാവി മനീഷ് കൃഷ്ണമൂർത്തി പറഞ്ഞു. ടൈറ്റൻ ഐ+ കാമ്പയിൻ ഈ യാഥാർത്ഥ്യത്തെ വൈകാരികമായി പകർത്തുകയും ആളുകളിൽ അവബോധം വർദ്ധിപ്പിക്കുന്നതിനുള്ള ലളിതവും നൂതനവുമായ ഒരു പരിഹാരം ഏക് താര ടെസ്റ്റിലൂടെ അവതരിപ്പിക്കുകയും ചെയ്യുന്നു.

ഒരു പഴയകാല സാങ്കേതിക വിദ്യയെ പുനരുജ്ജീവിപ്പിക്കുന്നതിലൂടെ, ഞങ്ങൾ കുട്ടികളുടെ കാഴ്ചപ്രശ്നങ്ങൾക്ക് ഒരു പരിഹാരം കണ്ടെത്തുക മാത്രമല്ല, കുടുംബങ്ങൾക്ക് അവിസ്മരണീയമായ ഒരു അനുഭവം ലഭ്യമാക്കുകയും ചെയ്യുകയാണെന്നും അദ്ദേഹം പറഞ്ഞു. ‘ഏക് താര ടെസ്റ്റ്‘ കാർഡുകൾ www.titaneyeplus.comൽ ലഭ്യമാകും.

# മലയാളി ഹോട്ടലുടമകളുടെ കോൺക്ലേവ് 22ന്

**തലശേരി:** ലോകത്തിന്റെ നാനാഭാഗങ്ങളിലുള്ള മലയാളി ഹോട്ടലുടമകളുടെ കൂട്ടായ്മ ലക്ഷ്യം വച്ച് കേരള ഹോട്ടൽ ആൻഡ് റസ്റ്റോറൻറ് അസോസിയേഷൻ ഇന്റർനാഷണൽ ബിസിനസ് കോൺക്ലേവ് 22ന് ദുബായിയിൽ നടക്കും. കേരളത്തിൽ നിന്ന് 50 ഹോട്ടൽ ഉടമകളും ദുബായിൽനിന്നും പാരഗൺ സുമേഷ്, ഉവൈസ് മഹ്ഫിൽ, മുനീർ തുടങ്ങിയവർ ഉൾപ്പെടെ 200 ഹോട്ടൽ ഉടമകളും കോൺക്ലേവിൽ പങ്കെടുക്കും.

22ന് ദുബായ് അൽ നഹ്ദ ലാവൻഡർ ഹോട്ടലിലാണ് കോൺക്ലേവ് സംഘടിപ്പിച്ചിട്ടുള്ളത്. തലശേരിയിൽനിന്ന് അസോസിയേഷൻ ഭാരവാഹികളായ കെ. അച്യുതൻ, ജൂബിലി നാസർ, വന്ദന ശശി എന്നിവരാണ് കോൺക്ലേവിൽ പങ്കെടുക്കുക.

22ന് വൈകുന്നേരം അഞ്ചിന് നടക്കുന്ന കോൺക്ലേവിൽ ഹോട്ടൽ ആൻഡ് റസ്റ്റോറൻറ് അസോസിയേഷൻ സംസ്ഥാന പ്രസിഡൻറ് കെ.പി. ബാലകൃഷ്ണ പൊതുവാൾ, ജനറൽ സെക്രട്ടറി ജി. ജയപാൽ, യുഎസ്എയിൽനിന്നുള്ള പ്രതിനിധി റെജി കുര്യൻ, അസോസിയേഷൻ അഡ്വൈസർ ബോർഡ് അംഗങ്ങളായ മൊയ്തീൻകുട്ടി ഹാജി, സുമേശ് ഗോവിന്ദ്, സംസ്ഥാന കമ്മിറ്റിയംഗം ഉവൈസ്, ഗ്ലോബൽ ഡയറക്ടർ പോൾ പി. റാഹേൽ എന്നിവർ പങ്കെടുക്കും.

ഹോട്ടൽ രംഗത്തെ അനാരോഗ്യകരമായ മത്സരങ്ങൾ ഒഴിവാക്കാനും സൗഹൃദത്തിലൂടെ സംഘടനയെ ശക്തിപ്പെടുത്തുകയുമാണ് ദുബായ് കോൺക്ലേവിന്റെ ലക്ഷ്യമെന്നു ഹോട്ടൽ ആൻഡ് റസ്റ്റോറൻറ് അസോസിയേഷൻ ജനറൽ സെക്രട്ടറി ജയപാൽ പറഞ്ഞു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ മലയാളികൾ ഹോട്ടൽ വ്യവസായ രംഗത്തുണ്ട്. ഇവരെയെല്ലാം ഒരു കുടക്കീഴിൽ കൊണ്ടുവരാനുള്ള ശ്രമത്തിന്റെ തുടക്കമാണിതെന്നും അദ്ദേഹം വ്യക്തമാക്കി.

# സാന്റാ മോണിക്ക ട്രാവൽ ടിക്കറ്റ്സ് എൽഎൽസി യുഎഇ സംഘടിപ്പിക്കുന്ന പ്രവാസി ലോകയാത്ര

**കൊച്ചി:** വിദേശ മലയാളികൾക്കായി സാന്റാ മോണിക്ക ട്രാവൽ ടിക്കറ്റ്സ് എൽഎൽസി യുഎഇ സംഘടിപ്പിക്കുന്ന ആദ്യത്തെ ട്രാവൽ എക്സ്പോയാണ് പ്രവാസി ലോകയാത്ര. നവംബർ 21ന് റോയൽ റോസ് അബുദാബിയിൽ ഉച്ചയ്ക്ക് രണ്ട് മുതൽ ഒൻപത് വരെയും നവംബർ 22ന് ദുബായി ജേക്കബ്സ് ഗാർഡൻ ഹോട്ടലിൽ രാവിലെ 11 മുതൽ രാത്രി 10 വരെയും നടത്തുന്നു.

പ്രവാസി ലോകയാത്രയിലേക്കു പ്രവേശനം സൗജന്യമാണ്. ടൂർ പാക്കേജുകളെ കുറിച്ചുള്ള എല്ലാ വിവരങ്ങളും സംശയങ്ങളും പരിചയ സമ്പന്നരായ ടൂർ ഓപ്പറേറ്റർമാരുമായി സംവദിക്കാനുള്ള വേദിയാണ് പ്രവാസി ലോകയാത്ര.

ടൂർ പാക്കേജുകൾ ബുക്ക് ചെയ്യുന്നവർക്ക് അഞ്ച് മുതൽ 10 ശതമാനം വരെ ഡിസ്കൗണ്ടും ഭാഗ്യ നറുക്കെടുപ്പിലൂടെ വിജയിക്കുന്നവർക്ക് ആഡംബര കപ്പലായ കോർഡേലിയ ക്രൂയിസിലേക്കു ഒരു കപ്പിൾ ടിക്കറ്റും ഒരു കപ്പിളിനു തായ്ലൻഡ് പാക്കേജും സൗജന്യമായി ലഭിക്കുന്നതാണ്.

നിങ്ങളുടെ യാത്രകൾ സുരക്ഷിതമാക്കാൻ ഉചിതമായ ഇൻഷുറൻസ് പ്ലാനുകളും മികച്ച യാത്രാനുഭവങ്ങൾക്കായി പ്രത്യേകം രൂപകൽപന ചെയ്തെടുത്ത യാത്ര പാക്കേജുകളും സാന്റാ മോണിക്ക ട്രാവൽ ടിക്കറ്റ്സ് എൽഎൽസി യുഎഇ തയാറാക്കിയിട്ടുണ്ട്.

ലോക രാജ്യങ്ങൾ സന്ദർശിക്കാനുള്ള ആകർഷകമായ ട്രാവൽ പാക്കേജുകൾ, ആഡംബര ക്രൂയിസുകൾ, വീസ സേവനങ്ങൾ, ടിക്കറ്റിംഗ് എന്ന് വേണ്ട എല്ലാ യാത്രാ സേവനങ്ങളും സാന്റാ മോണിക്ക ട്രാവൽ ടിക്കറ്റ്സ് എൽഎൽസി യുഎഇയിൽ നിന്നും ലഭ്യമാണ്. പ്രവാസി ലോകയാത്രയ്ക്ക് വരുന്നവർക്ക് പാർക്കിംഗ് സൗകര്യം ലഭ്യമാണ്.

# നവിമുംബൈ വിമാനത്താവളം: തുടക്കത്തിൽ പ്രവർത്തനം 12 മണിക്കൂർ മാത്രം; കൊച്ചിയിലേക്കും സർവീസ്

**മുംബൈ:** ക്രിസ്മസ് ദിനത്തിൽ സർവീസുകൾ ആരംഭിക്കുമെങ്കിലും നവിമുംബൈ വിമാനത്താവളം അടുത്ത വർഷം ഫെബ്രുവരി മുതലായിരിക്കും 24 മണിക്കൂറും പ്രവർത്തിക്കുന്നത്. തുടക്കത്തിൽ കൊച്ചി, ബെംഗളൂരു, ഡൽഹി, ഹൈദരാബാദ് അഹമ്മദാബാദ് ഉൾപ്പെടെ 16 നഗരങ്ങളിലേക്കും തിരിച്ചും 46 സർവീസുകളുണ്ടായിരിക്കും.

രാവിലെ 8 മുതൽ രാത്രി 8 വരെ 12 മണിക്കൂറായിരിക്കും പ്രവർത്തനം. ഫെബ്രുവരിയിൽ സർവീസ് 68 ആയി ഉയരും. ബെംഗളൂരുവിൽ നിന്നുള്ള ഇൻഡിഗോ 6E460 യാത്രാ വിമാനം 25ന് രാവിലെ 8ന് ആദ്യ ലാൻഡിങ് നടത്തും.

ഹൈദരാബാദിലേക്കാണ് ആദ്യ വിമാനം പുറപ്പെടുന്നത്; 8.40ന് ഇൻഡിഗോയുടെ തന്നെ 6E882. കഴിഞ്ഞ മാസം 8ന് പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്ത വിമാനത്താവളത്തിൽ അദാനി ഗ്രൂപ്പിന് 74 ശതമാനവും സർക്കാർ ഏജൻസിയായ സിഡ്കോയ്ക്ക് 26 ശതമാനവും ഓഹരി പങ്കാളിത്തമുണ്ട്. നടത്തിപ്പുചുമതല അദാനി ഗ്രൂപ്പിനാണ്.




# ഫ്ളൈദുബൈ വിമാനങ്ങളിലും സൗജന്യ സ്റ്റാർലിങ്ക് വൈഫൈ

**ദുബൈ:** ദുബൈ ആസ്ഥാനമായ വിമാനക്കമ്പനിയായ ഫ്ളൈദുബൈ തങ്ങളുടെ വിമാനങ്ങളിൽ സ്റ്റാർലിങ്കിന്റെ അതിവേഗ ഇന്റർനെറ്റ് സൗകര്യം ഏർപ്പെടുത്താൻ സ്പേസ്എക്സുമായി കരാറിൽ ഒപ്പുവെച്ചു. ദുബൈ എയർഷോ 2025ൽ വെച്ചാണ് ഈ സുപ്രധാന പ്രഖ്യാപനം നടന്നത്. കരാർ പ്രകാരം, സ്ട്രീമിങ്, ഓൺലൈൻ ഗെയിമിങ്, വീഡിയോ കോളുകൾ എന്നിവയെല്ലാം പിന്തുണയ്ക്കുന്ന അൾട്രാഫാസ്റ്റ് ഇൻഫ്ളൈറ്റ് കണക്റ്റിവിറ്റി സ്റ്റാർലിങ്ക് വഴി യാത്രക്കാർക്ക് ലഭിക്കും.

ബോയിങ് 737 വിമാനങ്ങളുടെ മുഴുവൻ നിരയിലും സ്റ്റാർലിങ്ക് ഇൻഫ്ളൈറ്റ് കണക്റ്റിവിറ്റി സേവന ദാതാവായി മാറും. 2026ഓടെ നൂറ് വിമാനങ്ങളിൽ ഈ സംവിധാനം സ്ഥാപിച്ചു തുടങ്ങാനാണ് ഫ്ളൈദുബൈയുടെ പദ്ധതി. എമിറേറ്റ്സ് എയർലൈൻ സമാനമായ പ്രഖ്യാപനം നടത്തിയതിന് തൊട്ടുപിന്നാലെയാണ് ഫ്ളൈദുബൈയുടെ ഈ നീക്കം എന്നതും ശ്രദ്ധേയമാണ്.

സൊസൈറ്റി ടുഡേ
SOCIETY TODAY

# വി സുരക്ഷാ റിസ്റ്റ് ബാൻഡുകൾ അവതരിപ്പിച്ചു

**പത്തനംതിട്ട:** വി സുരക്ഷ റിസ്റ്റ് ബാൻഡുകളിലൂടെ ആശങ്കകളില്ലാതെ സുരക്ഷിതമായ ശബരിമല തീർത്ഥാടനം ഉറപ്പാക്കാനായി കേരള പോലീസ് കേരളത്തിലെ ഏറ്റവും വലിയ ടെലികോം ഓപ്പറേറ്ററായ വിയുമായി വീണ്ടും കൈകോർക്കുന്നു. കഴിഞ്ഞ വർഷം 'വി സുരക്ഷ' പദ്ധതിക്ക് ലഭിച്ച മികച്ച പ്രതികരണത്തെ തുടർന്നാണ് ഈ വർഷവും കുട്ടികളുടെ സുരക്ഷയ്ക്കായി ക്യൂആർ കോഡോടുകൂടിയ റിസ്റ്റ് ബാൻഡുകൾ നൽകുന്നതിന് 'വി' വീണ്ടും കേരള പോലീസുമായി സഹകരിക്കുന്നത്.

കുട്ടികളുടെ കൈയ്യിലെ റിസ്റ്റ് ബാൻഡ് രക്ഷിതാവിന്റെ മൊബൈൽ നമ്പറുമായി ബന്ധിപ്പിച്ചിരിക്കുന്നതിനാൽ കൂട്ടം തെറ്റി പോകുന്ന കുട്ടികളെ അനായാസം രക്ഷിതാവിന്റെ പക്കൽ ഏൽപ്പിക്കാൻ ഇതിലൂടെ പോലീസിന് സാധിക്കും. ശബരിമല സന്നിധാനം, പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിലെ കണക്റ്റിവിറ്റി മെച്ചപ്പെടുത്താനായി 'വി' യുടെ നെറ്റ്‌വർക്ക് കൂടുതൽ ശക്തിപ്പെടുത്തിയിട്ടുണ്ട്. എൽ900, എൽ1800, എൽ2100, എൽ2300, എൽ2500 എന്നീ സ്പെക്ട്രം ബാൻഡുകളിലായി ആകെ 70 മെഗാ ഹെർട്സ് സ്പെക്ട്രം വിന്യസിക്കുകയും പത്തനംതിട്ട ജില്ലയിൽ 13 പുതിയ സൈറ്റുകൾ കൂടി സ്ഥാപിക്കുകയും ചെയ്തു. എല്ലാ സ്ഥലങ്ങളിലും തടസ്സമില്ലാത്ത കണക്റ്റിവിറ്റി ഉറപ്പാക്കാനും തിരക്കുള്ള സമയങ്ങളിലും ശക്തമായ ഡേറ്റയും വോയ്സ് സേവനങ്ങളും ഉറപ്പാക്കുന്നതിനുമായി വി മാസ്സീവ് എംഐഎംഒ സാങ്കേതിക വിദ്യയോടുകൂടിയ അഡ്വാൻസ്ഡ് എഫ്ഡിഡി, ടിഡിഡി ലെയറുകളും വിന്യസിച്ചിട്ടുണ്ട്.

ഗണപതി കോവിൽ, നടപ്പന്തൽ, അഡ്മിനിസ്ട്രേഷൻ ഓഫീസുകൾ, പമ്പ സന്നിധാനം നടപ്പാത, നിലയ്ക്കൽ പാർക്കിംഗ്, ബസ് സ്റ്റാൻഡ് എന്നിവിടങ്ങളിലെ കണക്റ്റിവിറ്റി ഗണ്യമായി ശക്തിപ്പെടുത്തിയിട്ടുണ്ട്. കുട്ടികളുമായി എത്തുന്നവർക്ക് www.visuraksha.online എന്ന വെബ്സൈറ്റിൽ ലോഗിൻ ചെയ്തോ അല്ലെങ്കിൽ കേരളത്തിലെ 25 വി സ്റ്റോറുകളിലോ 103 വി മിനി സ്റ്റോറുകളിലോ നേരിട്ടെത്തിയാൽ 'വി സുരക്ഷാ റിസ്റ്റ് ബാൻഡ്'നായി സൗജന്യമായി രജിസ്റ്റർ ചെയ്യാം. തീർത്ഥാടന സമയത്ത് പമ്പയിലെ ഏതെങ്കിലും വി സുരക്ഷ കിയോസ്കിൽ ഡിജിറ്റൽ രജിസ്ട്രേഷൻ ഐഡി കാണിച്ചാൽ അവരുടെ കോൺടാക്ട് നമ്പറുമായി ഇതിനകം ലിങ്ക് ചെയ്തിരിക്കുന്ന ക്യൂആർ കോഡ് ബാൻഡ് ലഭിക്കും.

കഴിഞ്ഞ വർഷം വി 20,000ത്തിലധികം 'വി സുരക്ഷാ റിസ്റ്റ് ബാൻഡുകൾ' വിതരണം ചെയ്തിരുന്നു. ഇതിലൂടെ 150ഓളം കുട്ടികളെ അവരുടെ കുടുംബങ്ങളുമായി വീണ്ടും ഒന്നിപ്പിക്കാൻ കേരള പോലീസിനെ സഹായിച്ചു.







